# പതിനഞ്ചാം കേരള നിയമസഭ

നാലാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2022, ഫെബ്രുവരി 24, വ്യാഴം

**നമ്പർ 55**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

[സ്വർണക്കടത്തു കേസിലെ പ്രധാന പ്രതിയുടെ പുതിയ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്താൻ തയ്യാറാകാത്ത സർക്കാർ നടപടിമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതര സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. ഷാഫി പറമ്പിലും മറ്റ് അഞ്ച് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നല്കിയിരുന്നു. അടിയന്തര പ്രമേയത്തിന് നൽകപ്പെട്ടിരുന്ന നോട്ടീസ് ക്രമപ്രകാരമല്ലെന്ന് സ്പീക്കർ സഭയെ അറിയിച്ചു. ഇതിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ മുദ്രാവാക്യം മുഴക്കി സഭാനടപടികൾ തടസ്സപ്പെടുത്താൻ ശ്രമിച്ചു.]

ശ്രദ്ധ ക്ഷണിക്കൽ :

(1) മണ്ണെണ്ണ ലഭ്യത ഇല്ലാതാക്കിയതും വില വർദ്ധിപ്പിച്ചതും മൂലം മത്സ്യബന്ധന മേഖലയിൽ സൃഷ്ടിക്കപ്പെട്ട പ്രശ്നങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. പി. പി. ചിത്തരഞ്ജൻ മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച ഒരു പ്രസ്താവന ചെയ്തു.

(കാര്യവിവരപട്ടികയിലെ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല. അടിയന്തര പ്രമേയത്തിന് മേൽ സ്വീകരിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷകക്ഷി കളിൽപ്പെട്ട അംഗങ്ങൾ തടസ്സപ്പെടുത്താൻ ശ്രമിച്ചു.)

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:</u>

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു.

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | കുറ്റ്യാടിയിൽ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിന് നടപടി | മുഖ്യമന്ത്രി |
| 2 | ശ്രീ. ജി. എസ്. ജയലാൽ | കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ ശമ്പളവും പെൻഷനും പരിഷ്കരിക്കുന്നതിന് നടപടി | ജലവിഭവ വകുപ്പുമന്ത്രി |
| 3 | ശ്രീമതി കെ. ശാന്തകുമാരി | പൂഞ്ചോല ഓടക്കുന്ന് പ്രദേശത്ത് വൈദ്യുതി എത്തിക്കുന്നതിന് നടപടി | വൈദ്യുതി വകുപ്പുമന്ത്രി |

അതാതു വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

(അടിയന്തര പ്രമേയത്തിനുമേൽ സ്വീകരിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സ്പീക്കറുടെ ഡയസ്സിനു മുന്നിൽ ബാനർ ഉയർത്തിയതിനെത്തുടർന്ന് രാവിലെ 10.28 -ന് സഭ താല്ക്കാലികമായി നിറുത്തിവച്ചു.)

രാവിലെ 11.01-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ സഭ പുനഃരാരംഭിച്ചു.

(സഭ പുനഃരാരംഭിച്ചപ്പോൾ പ്രതിപക്ഷ നേതാവ് അടിയന്തര പ്രമേയത്തിനുമേൽ സ്വീകരിച്ച നിലപാടിൽ പ്രതിഷേധം രേഖപ്പെടുത്തുകയും, പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിക്കുകയും ചെയ്തു.)

ചട്ടം 304 പ്രകാരം താഴെപ്പറയുന്ന വിഷയങ്ങളിന്മേലുള്ള മറുപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ബന്ധപ്പെട്ട മന്ത്രിമാർ മേശപ്പുറത്ത് വച്ചു.

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 4 | ശ്രീ. മാത്യൂ ടി. തോമസ് | കോമളം പാലത്തിന്റെയും സമീപനപാതയുടെയും പുനർനിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 5 | ശ്രീ. എ. എൻ. ഷംസീർ | മയ്യഴി - കനകമല വരെയുള്ള ടൂറിസം കോറിഡോർ | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 6 | ശ്രീമതി യു. പ്രതിഭ | ഗതാഗത നിയമലംഘന നിയന്ത്രണം | ഗതാഗത വകുപ്പുമന്ത്രി |

<u>റിപ്പോർട്ടുകളുടെ സമർപ്പണം :</u>

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പതിനേഴ് മുതൽ പത്തൊൻപത് വരെയുള്ള റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചു.

<u>ഗവർണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച :</u>

ഗവർണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച പുനരാരംഭിച്ചു. താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു

ശ്രീ. വി. ശശി

ശ്രീ. ജോബ് മൈക്കിൾ

ശ്രീ. കെ. ആൻസലൻ

ശ്രീമതി ദെലീമ

ശ്രീ. മാത്യൂ ടി. തോമസ്

ശ്രീ. എം. എം. മണി

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി, മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ എന്നിവർ മറുപടി നൽകി. തുടർന്ന്, നന്ദിപ്രമേയത്തിൻമേൽ അവതരിപ്പിച്ചിരുന്ന ഭേദഗതികൾ സഭ തള്ളുകയും, നന്ദിപ്രമേയം ഐകകണ്ഠ്യേന അംഗീകരിക്കുകയും ചെയ്തു.

2022 മാർച്ച് 11- ാം തീയതി, വെള്ളിയാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്ക് 01.22-ന് സഭ പിരിഞ്ഞു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
*സെക്രട്ടറി.*

**FIFTEENTH KERALA LEGISLATIVE ASSEMBLY**

Fourth Session

# BULLETIN—PART I

( Brief Record of Proceedings )

*Thursday, February 24, 2022.*

**No. 55**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Three Questions in the list of Questions posted for the day were answered orally.

[A notice of an Adjournment Motion was given by Shri. Shafi Parambil and five other Members regarding the serious situation reported to have arisen in the State consequent to the Government's unwillingness to investigate the gold smuggling case based on the latest revelation of the main accused in the case. The Speaker informed the House that the notice was not in order. In protest against this, the members belonging to the opposition shouted slogans and tried to obstruct the proceedings of the House. ]

*Calling Attention :*

1. Shri P. P. Chitharanjan called the attention of the Minister for Fisheries, Culture and Youth Affairs to the necessity to bring to the notice of the Central Government to the problems in the fisheries sector due to the curtailment of kerosene supply and the increase in its price. The Minister made a statement thereto.

   (The Second notice listed in the List of Business was not moved. The members belonging to the opposition tried to obstruct the proceedings in protest against the stand taken with regard to the notice of the Adjournment motion.)

*The Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | കുറ്റ്യാടിയിൽ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിന് നടപടി | മുഖ്യമന്ത്രി |
| 2 | ശ്രീ. ജി. എസ്. ജയലാൽ | കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ ശമ്പളവും പെൻഷനും പരിഷ്കരിക്കുന്നതിന് നടപടി | ജലവിഭവ വകുപ്പുമന്ത്രി |
| 3 | ശ്രീമതി കെ. ശാന്തകുമാരി | പൂഞ്ചോല ഓടക്കുന്ന് പ്രദേശത്ത് വൈദ്യുതി എത്തിക്കുന്നതിന് നടപടി | വൈദ്യുതി വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

(The Speaker temporarily adjourned the House at 10.28 a.m. after the Members belonging to the Opposition raised a banner in front of the Speaker's Dias in protest against the stand taken with regard to the notice of adjournment motion.)

The House re-assembled at 11.01 a.m. with Mr. Speaker in the Chair.

(When the House reassembled, the Leader of the Opposition spoke in protest against the stand taken with regard to the notice of adjournment motion and members belonging to Opposition boycotted the proceedings.)

The statements regarding the reply to the following matters under Rule 304 were laid on the Table by the Ministers concerned.

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 4 | ശ്രീ. മാത്യു ടി. തോമസ് | കോമളം പാലത്തിന്റെയും സമീപനപാതയുടെയും പുനർനിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 5 | ശ്രീ. എ. എൻ. ഷംസീർ | മയ്യഴി - കനകമല വരെയുള്ള ടൂറിസം കോറിഡോർ | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 6 | ശ്രീമതി യു. പ്രതിഭ | ഗതാഗത നിയമലംഘന നിയന്ത്രണം | ഗതാഗത വകുപ്പുമന്ത്രി |

*Presentation of Reports:*

The Seventeenth to Nineteenth Reports of the Committee on Local fund Accounts were presented.

*Discussion on the Motion of Thanks to the Governor's Address :*

Discussion on the Motion of Thanks to the Governor's address resumed. The following members took part in the discussion:

Shri C. H. Kunhambu

Shri V. Sasi

Shri Job Maichil

Shri K. Ansalan

Smt. Daleema

Shri Mathew T. Thomas

Shri M. M. Mani

Shri K. Krishnankutty, Minister for Electricity and Shri Pinarayi Vijayan, Chief Minister replied to the points raised in the discussion. The amendments moved were declared lost. The Motion of Thanks was unanimously adopted by the House.

The House adjourned at 1.22 p.m. to meet again at 9.00 a.m. on Friday, March 11, 2022.

S. V. UNNIKRISHNAN NAIR,

*Secretary.*